**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത. വി. കുമാർ ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - അങ്കണവാടി നവീകരണം 2024-25 - 16 അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:

1. GO(Rt) 273/2024/WCDD dtd : 26.07.2024
2. തൃശ്ശൂർ പ്രോഗ്രാം ഓഫീസറുടെ 02.08.2024, 20.09.2024 തിയതികളിലെ PO/TSR/D-982/24 നമ്പർ കത്തുകൾ.
3. എറണാകുളം പ്രോഗ്രാം ഓഫീസറുടെ 30.09.2024 ലെ PO/EKM/A4-431/2024 നമ്പർ കത്ത്
4. കണ്ണൂർ പ്രോഗ്രാം ഓഫീസറുടെ 28.06.2024, 04.07.2024 തിയതികളിലെ P.O/K.N.R/B-2571/24 നമ്പർ കത്തുകൾ.
5. പാലക്കാട് പ്രോഗ്രാം ഓഫീസറുടെ 01.10.2024 ലെ നം.ബി/675/24 നമ്പർ കത്ത്
6. കോഴിക്കോട് പ്രോഗ്രാം ഓഫീസറുടെ 04.10.2024 ലെ നം.DICDSC/KKD/142/2024-B നമ്പർ കത്ത്
7. ആലപ്പുഴ പ്രോഗ്രാം ഓഫീസറുടെ 10.10.2024 ലെ നം.PO/ALPY/E2-512/2024 നമ്പർ കത്ത്
8. കൊല്ലം പ്രോഗ്രാം ഓഫീസറുടെ 10.10.2024 ലെ നം.ICDS/D/2591/24 നമ്പർ കത്ത്

**ഉത്തരവ് നം. DWCD/1967/2024-ICDS A7 തീയതി: 10-12-2024**

അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹികവിഭവകേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി 2024-25 സാമ്പത്തികവർഷം 4235-02-102-87 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയിൽ നിന്നും 1 കോടി രൂപ വിനിയോഗിച്ച് 2 ലക്ഷം രൂപ നിരക്കിൽ 50 അങ്കണവാടി കെട്ടിടങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് എൻജിനിയറിംഗ് വിംഗ് മുഖാന്തിരം നവീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

വിവിധ ജില്ലകളിൽ നിന്നും നിലവിൽ പ്രവർത്തിച്ചുവരുന്നതും നവീകരണം ആവശ്യമുള്ളതുമായ അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് പ്രോഗ്രാം ഓഫീസർമാർ തദ്ദേശസ്വയംഭരണവകുപ്പ് എൻജിനിയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ സഹിതം പ്രപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (2) മുതൽ പരാമർശം (8) വരെയുള്ള പ്രപ്പോസലുകളിൽ നിന്നും അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള 16 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയും നവീകരണ ചുമതല തദ്ദേശസ്വയംഭരണ ചീഫ് എൻജിനിയർക്ക് നൽകിയും ഉത്തരവാകുന്നു. 2,00,000/- രൂപയ്ക്കുധികരിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ള അങ്കണവാടികൾക്ക് 2,00,000/- രൂപയ്ക്കധികരിച്ച തുക ബന്ധപ്പെട്ട എൽ.എസ്.ജി.ഡി വഹിക്കേണ്ടതാണ്. 16 അങ്കണവാടികളുടെ നവീകരണത്തിലേക്ക് ആവശ്യമായ 32,00,000/-രൂപ (മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) 4235-02-102-87 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

നവീകരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നവീകരണ പ്രവർത്തികൾ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ അടിയന്തിരമായി ആരംഭിക്കേണ്ടതും, നവീകരണം പൂർത്തിയാക്കി 4235-02-102-87 പ്ലാൻ ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രോഗ്രാം ഓഫീസർമാർ പ്രതിമാസ നവീകരണ പുരോഗതി വിലയിരുത്തി അങ്കണവാടികളുടെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ**

ചീഫ് എഞ്ചിനീയർ

തദ്ദേശ സ്വയം ഭരണ വകുപ്പ് (എൽ ഐ ഡി & ഇ ഡബ്ള്യു

തിരുവനന്തപുരം

പകർപ്പ് :

1. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട സിഡിപിഒ മാർക്ക്
3. ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ (സിഡിപിഒ മുഖേന)
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Sinda

**സൂപ്രണ്ട്**

അനുബന്ധം

അങ്കണവാടി നവീകരണം 2024-25 ലിസ്റ്റ് (16 എണ്ണം)

(Order No.DWCD/1967/2024-ICDSA7 10-12-2024 )

| ക്രമ നമ്പർ | ജില്ല | ഐസിഡിഎസ് | തദ്ദേശ സ്വയംഭരണ സ്ഥാപനം | സെന്റർ നം. | എസ്റ്റിമേറ്റ് തുക | അനുവദിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | മൈനാഗപ്പള്ളി | 73 | 2,00,000/- | 2,00,000/- |
| 2 | കൊല്ലം | ചിറ്റുമല | പേരയം | 36 | 2,00,000/- | 2,00,000/- |
| 3 | ആലപ്പുഴ | പട്ടണക്കാട് | തുറവൂർ | 130 | 2,00,000/- | 2,00,000/- |
| 4 | ആലപ്പുഴ | മുതുകുളം അഡീഷണൽ | ദേവികുളങ്ങര | 1 | 2,00,000/- | 2,00,000/- |
| 5 | എറണാകുളം | പള്ളുരുത്തി | ചെല്ലാനം | 43 | 2,00,000/- | 2,00,000/- |
| 6 | എറണാകുളം | കൊച്ചി അർബൻ 2 | കൊച്ചി കോർപ്പറേഷൻ പച്ചാളം സോൺ | 109 | 2,00,000/- | 2,00,000/- |
| 7 | എറണാകുളം | മുളന്തുരുത്തി അഡീഷണൽ | തൃപ്പൂണിത്തുറ നഗരസഭ | 87 | 2,00,000/- | 2,00,000/- |
| 8 | എറണാകുളം | കൊച്ചി അർബൻ 3 | മരട് നഗരസഭ | 31 | 2,00,000/- | 2,00,000/- |
| 9 | പാലക്കാട് | കൊല്ലങ്കോട് | പട്ടഞ്ചേരി | 75 | 2,00,000/- | 2,00,000/- |
| 10 | പാലക്കാട് | കൊല്ലങ്കോട് | മുതലമട | 162 | 2,00,000/- | 2,00,000/- |
| 11 | തൃശ്ശൂർ | വടക്കാഞ്ചേരി | തെക്കുംകര | 90 | 2,00,000/- | 2,00,000/- |
| 12 | തൃശ്ശൂർ | മതിലകം | പെരിഞ്ഞനം | 140 | 2,00,000/- | 2,00,000/- |
| 13 | കോഴിക്കോട് | കോഴിക്കോട് | തലക്കുളത്തൂർ | 7 | 2,25,000/- | 2,00,000/- |
| 14 | കോഴിക്കോട് | കോഴിക്കോട് | ചേമഞ്ചേരി | 64 | 5,00,000/- | 2,00,000/- |
| 15 | കണ്ണൂർ | കല്യാശ്ശേരി | ചെറുകുന്ന് | 4 | 2,00,000/- | 2,00,000/- |
| 16 | കണ്ണൂർ | തളിപ്പറമ്പ് അഡീഷണൽ 1 | കടന്നപ്പള്ളി-പാണപ്പുഴ | 36 | 2,00,000/- | 2,00,000/- |
| | | | ആകെ | | | 32,00,000/- |

(ആകെ മുപ്പത്തി രണ്ട് ലക്ഷം രൂപ മാത്രം)

Sd/-

For വനിത ശിശുവികസന ഡയറക്ടർ